**August: 5**

# KGBEU OU ബുള്ളറ്റിൻ 41/2022

സഖാക്കളെ,

## വിഷയം: HR വിംഗിന്റെ നിസ്സംഗത

HR വിംഗിന്റെ കെടുകാര്യസ്ഥതക്കെതിരെ KGBEU OU നേതൃത്വത്തിൽ ഹെഡ് ഓഫീസിൽ HR GM, R&L GM എന്നിവരുമായി സംസാരിച്ചു കൊണ്ടിരിക്കുകയാണ്. ജീവനക്കാരുടെ മുഴുവൻ കാര്യങ്ങളിലും നിഷേധാത്മക നിലപാടാണ് മാനേജ്മെന്റ് സ്വീകരിച്ചു പോകുന്നത്. Temporary Transfer ലിസ്റ്റ് ഇപ്പോൾ സംഘടനകൾക്ക് നൽകുന്നില്ല. അതിന്റെ മറവിൽ പല കൃത്രിമങ്ങളും നടക്കുന്നു. പോളിസി കാറ്റിൽ പറത്തി ട്രാൻസ്ഫറുകൾ ജീവനക്കാർക്കെതിരായി ഇറക്കുന്നത് തുടരുന്നു. 19.03.2022 ന് പൂർത്തിയായ ജോയിന്റ് കോൺഫറൻസിന്റെ മിനുട്സ് ജോയിന്റ് കോൺഫറൻസ് കഴിഞ്ഞ ഉടൻ ഇറക്കേതായിരുന്നുവെങ്കിലും അത് ഇറക്കാൻ മാനേജ്മെന്റ് ഇപ്പോഴും തയാറായിട്ടില്ല. ജൂൺ മാസം 19 ന് അടുത്ത ജോയിന്റ് കോൺഫറൻസ് നടക്കേണ്ടതായിരുന്നു. മുലയൂട്ടുന്ന അമ്മമാരായിട്ടുള്ളതും ഗർഭിണികളായിട്ടുള്ളവരുമുൾപ്പെടെയുള്ള വനിതാ ജീവനക്കാർക്ക് നിയമപരമായി നൽകേണ്ടുന്ന മുൻകാലത്തെ work from home സൗകര്യം എടുത്തിട്ടുള്ള വനിതാ ജീവനക്കാർക്ക് ശമ്പളം തിരിച്ചു പിടിച്ചിരിക്കുകയാണ്. പല തവണ സംസാരിച്ചിട്ടും അത് നൽകാൻ മാനേജ്മെന്റ് തയ്യാറായിട്ടില്ല. ഇങ്ങനെ തുടങ്ങി ഇവിടുത്തെ ജീവനക്കാരെ ബാധിക്കുന്ന മുഴുവൻ കാര്യങ്ങളിലും ഏകപക്ഷീയമായ തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോകുകയാണ് മാനേജ്മെന്റ്. നിലവിൽ പോലീസിനെ വിളിച്ച് പോലീസ് ഹെഡ് ഓഫീസിൽ എത്തിയിരിക്കുകയാണ്. ഇതിനെതിരെ ശക്തമായി പ്രതികരിക്കാൻ മുഴുവൻ ജീവനക്കാരും മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ